അടിയന്തിര പ്രമേയം

## വിലക്കയറ്റം

മി. സ്പീക്കർ: ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടും അപ്രകാരം കാർഡ് ലഭിച്ചിട്ടില്ലാത്തവർക്ക് കുറഞ്ഞ വിലയ്ക്ക് നൽകാൻ കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും തിരിമറി നടത്തിയതിനാലും പൊതുവിപണിയിലെ വില കുതിച്ചുയർന്നുകൊണ്ടിരിക്കുന്നതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## വിലക്കയറ്റം

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുഴുവൻ ശരിയല്ല. കുറഞ്ഞ വിലയ്ക്ക് നൽകാൻ കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും ദുരിതമനുഭവിക്കുന്നവർക്കു നൽകാതെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് നേരിട്ട് കരിഞ്ചന്തയിലേയ്ക്ക് പോകുന്നു എന്നതാണ് അദ്ദേഹത്തിന്റെ ആക്ഷേപം. അത് ശരിയല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബി.പി.എൽ. വിഭാഗക്കാർക്ക് നൽകുവാൻ കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും അവർക്കുതന്നെ ലഭ്യമാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഇവയുടെ വില നിയന്ത്രണവിധേയമാക്കി കൊണ്ടുപോകാനുള്ള എല്ലാ സാഹ

ചര്യങ്ങളും ഗവൺമെന്റ് ഒരുക്കുന്നുണ്ട്. പൊതുവിതരണശൃംഖല വഴിയും സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴിയും ഗവൺമെന്റിന്റെ മറ്റ് ഏജൻസികൾ വഴിയും നിത്യോപയോഗ സാധനങ്ങൾ കൃത്യമായ സബ്സിഡി വിലയിൽത്തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാനും അവർക്ക് ഒരുരീതിയിലുമുള്ള ബുദ്ധിമുട്ടുകളുണ്ടാകാതിരിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. കരിഞ്ചന്ത അടക്കമുള്ള സാഹചര്യങ്ങൾ നേരിടുവാനുള്ള കർക്കശമായ നടപടികളും നിലപാടുകളും ഗവൺമെന്റ് സ്വീകരിക്കുന്നുമുണ്ട്.

## വിലക്കയറ്റം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വളരെ ഗൗരവമായ ഒരു വിഷയം ഇവിടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിനെ വളരെ ലാഘവത്തോടു കൂടിയാണ് കണ്ടത്. കേരളത്തിൽ പല ഭക്ഷ്യ വകുപ്പുമന്ത്രിമാരെയും നമ്മൾ കണ്ടിട്ടുണ്ട്. പക്ഷേ ഇത്രയും രൂക്ഷമായ വിലക്കയറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ; പ്രതിപക്ഷം വളരെ ഗൗരവമായി നിയമസഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ എടുക്കേണ്ട സമീപനമല്ല മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നത്. നാട്ടിൽ യാതൊരു വിലയുമില്ലാത്ത സർക്കാരിനോട് വിലക്കയറ്റത്തെക്കുറിച്ച് പറയുന്നതിൽ യാതൊരർത്ഥവുമില്ല എന്നതിന് ഏറ്റവും നല്ല തെളിവാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി. ബി.പി.എൽ. പട്ടികയിൽപ്പെട്ടിട്ടും ബി.പി.എൽ. കാർഡ് ലഭിക്കാത്ത 12 ലക്ഷത്തോളം കുടുംബങ്ങളുടെ പ്രശ്നമാണ് ഞാൻ സൂചിപ്പിച്ചത്. എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ തിരക്കാണ്. അതിനിടയിൽ 2009-ലെ സർവ്വേ അനുസരിച്ച് ബി.പി.എൽ. ആകാൻ

അർഹതയുള്ള ആളുകളുടെ എ.പി.എൽ. കാർഡുകൾ, അവിടെ സീൽ വച്ച് ടി.എസ്.ഒ. ഓഫീസിൽ എത്തിക്കണം. എന്നാൽ യാതൊരുരീതിയിലുള്ള നടപടികളും നടക്കുന്നില്ല. അങ്ങനെ എ.പി.എൽ. കാർഡ് കൈയിലിരിക്കു കയും ബി.പി.എൽ. ആകാൻ അർഹതയുള്ള 12 ലക്ഷം കുടുംബങ്ങൾക്കു വേണ്ടി കേന്ദ്രഗവൺമെന്റ് 132723 ടൺ അരിയും 54211 ടൺ ഗോതമ്പും അനുവദിച്ചതാണ്. ആദ്യ രണ്ടരമാസ വിഹിതത്തിന്റെ ഭൂരിപക്ഷവും കരിഞ്ചന്തയിൽ പോയിരിക്കുകയാണ്. എന്നാൽ കൃത്യമായി ജനങ്ങളിൽ എത്തിയെന്നാണ് മന്ത്രി പറയുന്നത്. ഇന്നത്തെ മലയാള മനോരമ പത്രം അങ്ങ് വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് - റേഷൻ അരി ബ്രാൻഡ് ആക്കാൻ രഹസ്യ ഗോഡൗണു കൾ, കടത്തിനു മറ - ഒ.എം.എസ്.എസ്. (ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം)-ന്റെ മറവിൽ കരിഞ്ചന്ത ഇവിടെ നിർബാധം നടക്കുകയാണ്. വാസ്ത വത്തിൽ ഈ വിഹിതമനുസരിച്ച് 19 കി.ഗ്രാം അരി 6.20 രൂപയ്ക്കും ഗോതമ്പ് 4.70 രൂപയ്ക്കും ലഭിക്കേണ്ട ആറു കിലോ ഗോതമ്പടക്കമുള്ള 25 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ, ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭിക്കാൻ അർഹതപ്പെട്ട എ. പി.എൽ. കാർഡുള്ള, എന്നാൽ ബി.പി.എൽ. ആകാൻ അർഹതയുമുള്ള 12 ലക്ഷത്തോളം കുടുംബങ്ങൾക്ക് 4 മാസം കൊണ്ട് വിതരണം ചെയ്യേണ്ട അരി പൂർണ്ണമായും കരിഞ്ചന്തയിലേയ്ക്ക് 20 രൂപയ്ക്കും 40 രൂപയ്ക്കും ബ്രാൻഡഡ് അരിയായി വിൽക്കുന്ന പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് എന്നു പറയുന്നത് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വിലക്കയറ്റ

ത്തിന്റെ നരകയാതന അനുഭവിക്കുകയാണ്. ആ സമയത്ത് കേന്ദ്രഗവൺമെന്റ് നമുക്ക് അർഹമായ അരിവിഹിതം തന്നിട്ടില്ല. നമുക്ക് തന്ന അരിവിഹിത ത്തിന്റെ കാര്യത്തിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. ഇതുമൂലം അരിയുടെ വില ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. 40-ഉം 42-ഉം രൂപയിലേയ്ക്ക് അരി യുടെ വില വർദ്ധിച്ചിരിക്കുകയാണ്. അരിയുടെ മാത്രമല്ല, അരി കൊണ്ടു മാത്രം ഊണ് കഴിക്കാൻ പറ്റില്ല. അതുമായി ബന്ധപ്പെട്ട എല്ലാ പലവ്യഞ്ജന ങ്ങളുടേയും വില വർദ്ധിച്ചിരിക്കുകയാണ്. വില കുറച്ച് അരി കൊടുത്തിരു ന്നുവെങ്കിൽ മാർക്കറ്റിൽ വില കുറയുമായിരുന്നു. പക്ഷേ അതിനുപകരം അത് മറിച്ചു വിൽക്കാൻ വേണ്ടി കരിഞ്ചന്തക്കാരെ...., ഇന്ന് കേരളത്തിന്റെ മാർക്കറ്റിംഗ് സംവിധാനം പൂർണ്ണമായും കരിഞ്ചന്ത രാജാക്കന്മാർ ഭരിക്കുക യാണ്, സിവിൽ സപ്ലൈസ് വകുപ്പിന് യാതൊരു ബന്ധവുമില്ല. എന്നാൽ അതിനകത്തുള്ള ധാരാളം ആളുകൾ ഭരിച്ചുകൊണ്ടിരിക്കുകയാണ്. മാസപ്പടി എന്നു പറയുന്ന ഒരു സംവിധാനം ആരംഭിച്ചിരിക്കുകയാണ്. വില പിടി ച്ചുയർത്താൻ വേണ്ടി സിവിൽ സപ്ലൈസ് വകുപ്പിനകത്ത് ഇപ്പോൾ മാസപ്പടി യാണ്. റേഷനിംഗ് ഇൻസ്പെക്ടർക്ക് ഒരു കട പ്രതിമാസം 1000 രൂപ വച്ച് കൊടുക്കണം. 45 കട വീതമുണ്ട്. ടി.എസ്.ഒ.-ക്ക് പ്രതിമാസം 8000 രൂപ വച്ച് കൊടുക്കണം. ഓരോ ഹോൾസെയിൽ ഡീലറും ടി.എസ്.ഒ.-ക്ക് ഒരു തുക കൊടുക്കണം. മാസപ്പടി ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉന്നതോദ്യോഗസ്ഥന്മാരുടെ മൂത്രപ്പുരയിൽപോലും ഇപ്പോൾ കൗണ്ടറുകളുണ്ട് എന്നാണ് പറയുന്നത്. കൈക്കൂലി കൊടുക്കുന്ന തിനും കമ്മീഷൻ പറ്റുന്നതിനും വേണ്ടിയുള്ള ഒരു വകുപ്പായി സിവിൽ സപ്ലൈസ് വകുപ്പ് മാറിയിരിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താനാവ

ശ്യമായ ഒന്നും ചെയ്യുന്നില്ല. കേന്ദ്രബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിൽ വിലക്കയറ്റത്തെക്കുറിച്ച് ഒന്നും പറയുന്നില്ല എന്ന് കെ.എം. മാണിസാർ പറഞ്ഞപ്പോൾ ഈ നാട്ടിലെ ജനങ്ങളൊക്കെ പ്രതീക്ഷിച്ചത് മാണിസാറിന്റെ ബഡ്ജറ്റ് വരുമ്പോൾ വിലക്കയറ്റത്തിനെതിരെ അദ്ദേഹത്തിന്റെ ശക്തമായ ഇടപെടലുണ്ടാകുമെന്നാണ്. പക്ഷേ എന്താണ് സംഭവിച്ചത്, വിലക്കയറ്റത്തിന് വേണ്ടി അദ്ദേഹം പറഞ്ഞിരിക്കുന്ന കാര്യം, രാജ്യത്തിലെ ജനങ്ങളെയാകെ കളിയാക്കിയിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലത്ത് ശക്തമായ കമ്പോള ഇടപെടലുകൾമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞിടാൻ കഴിഞ്ഞിരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. എവിടെയാണ് ഇത് തടഞ്ഞിട്ടിരിക്കുന്നത്; അത് ഞങ്ങൾക്കൊന്ന് പോയി കാണാൻ വേണ്ടിയിട്ടാണ് ചോദിക്കുന്നത്; എവിടെയാണ് ഈ വില പിടിച്ചുകെട്ടി നിർത്തിയിരിക്കുന്നത്; വാളയാർ ചെക്ക്പോസ്റ്റിലാണോ? എന്നിട്ട് 205 കോടി രൂപ ഞങ്ങൾ ചെലവഴിച്ചു, ഇനി 100 കോടി രൂപ കൊടുക്കും, 205 കോടി രൂപ ചെലവഴിച്ച് ഇവിടെ വിലക്കയറ്റം പിടിച്ചുകെട്ടി എന്ന് കെ.എം. മാണിസാറിനെപ്പോലെയുള്ള ആളുകൾ ബഡ്ജറ്റിനകത്ത് എഴുതിവച്ച് ഇത്തരത്തിൽ നാണംകെട്ട നടപടി നടത്തണോ? ഇവിടെ 205 കോടി രൂപ ചെലവഴിച്ചിട്ടും വില പിടിച്ചുനിർത്താൻ സാധിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 13 ഇനം സാധനങ്ങൾ സബ്സിഡിയായി കൊടുത്തിരുന്നു. ഒരു പൈസപോലും അന്ന് കൂട്ടിയില്ല. പൊതുമാർക്കറ്റിൽ എങ്ങനെ ഇടപെടണമെന്ന് നിങ്ങൾ പഠിക്കണം? 13 ഇനം സാധനങ്ങൾക്ക് അഞ്ചു പൈസപോലും കൂട്ടിയില്ല. നിങ്ങൾ എന്താണ് ചെയ്തത്? ബഹുമാനപ്പെട്ട മന്ത്രി മറു

പടി പറയണം, 13 ഇനം സാധനങ്ങൾ 9 ഇനമായി കുറച്ചില്ലേ? വിലക്കയറ്റം ഇത്രയും രൂക്ഷമായി നിൽക്കുമ്പോൾ 13 ഇനം സാധനങ്ങൾ 9 ഇനമായി കുറച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സിവിൽസപ്ലൈസ് വകുപ്പു വഴി 28 രൂപയ്ക്ക് കൊടുത്തിരുന്ന ചെറുപയറിന്റെ വില 48 രൂപയാക്കി, ഉഴുന്ന് - 31 രൂപ 36 രൂപയാക്കി, കടല - 27 രൂപ 44 രൂപയാക്കി, തുവരപ്പരിപ്പ് - 29 രൂപ 34 രൂപയാക്കി, പീസ് പരിപ്പ് - 18 രൂപ 34 രൂപയാക്കി, മല്ലി - 34 രൂപ 45.90 രൂപയാക്കി, പഞ്ചസാര - 14 രൂപ 25 രൂപയാക്കി, ജീരകം - 96 രൂപ 168.50 രൂപയാക്കി, ചുവന്നപയർ - 26.50 രൂപ 68.50 രൂപയാക്കി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഭരിക്കുന്ന കാലത്ത് അഞ്ചുവർഷം നയാപൈസ കൂട്ടാതെ 13 ഇനം സാധനങ്ങൾ സഖാവ് സി. ദിവാകരൻ സിവിൽ സപ്ലൈസ് വകുപ്പ് വഴി വിലകുറച്ച് കൊടുത്തിരുന്നു. ആ 13 ഇനം സാധനങ്ങൾ ഇപ്പോൾ 9 ഇനമാക്കി കുറച്ചു. ജനങ്ങൾ ഇപ്പോൾ നട്ടം തിരിയുകയാണ്. സഖാവ് ടി. എം. തോമസ് ഐസക് അദ്ദേഹത്തിന്റെ അവസാനത്തെ ബഡ്ജറ്റിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള സാധനങ്ങളുടെ അളവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. നിങ്ങൾ എന്തു ചെയ്തു? ഇപ്പോൾ മാവേലി സ്റ്റോറിൽ പോയാൽ സാധനങ്ങൾ കിട്ടാനുണ്ടോ? ഒരു സാധനവും കിട്ടാനില്ല.

അരിയുടെ വില 40-45 രൂപ ആയിരിക്കുന്നു. രണ്ട് മാസം മുമ്പുള്ള കണക്ക് ഞാൻ പറയാം. വൻപയറിന് രണ്ട് മാസം മുമ്പ് 55 രൂപ ആയിരുന്നത് ഇപ്പോൾ 68 രൂപയായും ചെറുപയർ 64 രൂപയിൽ നിന്ന് 72 രൂപയായും

പരിപ്പ് 35 രൂപയിൽ നിന്ന് 48 രൂപയായും ഉഴുന്ന് 53 രൂപയിൽ നിന്ന് 68 രൂപ യായും മല്ലി 68 രൂപയിൽ നിന്ന് 80 രൂപയായും മുളക് 72 രൂപയിൽ നിന്ന് 80 രൂപയായും മഞ്ഞൾ 100 രൂപയിൽ നിന്ന് 110 രൂപയായും ഉള്ളി 30 രൂപയിൽ നിന്ന് 40 രൂപയായും സവാള 15 രൂപയിൽ നിന്ന് 30 രൂപയായും ജീരകം 115 രൂപയിൽ നിന്ന് 220 രൂപയായും വർദ്ധിച്ചിരിക്കുകയാണ്. മാട്ടിറച്ചിക്ക് 200 രൂപയും ആട്ടിറച്ചിക്ക് 420 രൂപയുമാണ് വിപണിയിലെ വില. ഈ രാജ്യത്തെ ജനങ്ങൾ എങ്ങനെ ജീവിക്കും? മണ്ണെണ്ണയുടെ സബ്സിഡി പിൻവലിച്ചു. മണ്ണെണ്ണ കിട്ടാനില്ല. ഡീസലിന്റെ വില വർദ്ധിപ്പിച്ചു. 17 തവണയാണ് *****[1]* കേന്ദ്ര നേതൃത്വം, കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് ഗവൺമെന്റ് 17 തവണ യാണ് ഡീസലിന്റെ വില വർദ്ധിപ്പിച്ചത്. അതിനെത്തുടർന്ന് ഈ രാജ്യത്തിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ല.

<u>മി. സ്പീക്കർ</u>: Un parliamentary ആയി ഒരു പദം പ്രയോഗിച്ചു. അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: Sorry Sir. പുറത്ത് വന്നില്ല. വിലക്കയ റ്റവുമായി ബന്ധപ്പെട്ട് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇപ്പോൾ പ്രസ്താവന മല്ലനാണ്. പ്രസ്താവന മാത്രമാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരി ക്കുന്നത്. ആ പ്രസ്താവനയല്ലാതെ യാതൊരു കാര്യവും ഈ രാജ്യത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇന്നലെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ കണക്കുകൾ അവതരിപ്പിച്ചു. അതുകൊണ്ട് ഞാൻ അക്കാര്യങ്ങളൊന്നും പറയുന്നില്ല. രാജ്യത്ത് കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡിയുടെ പത്ത് ശതമാനം

---

[1] സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്തു.

കുറച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷ്യ സബ്സിഡിയുടെ കാര്യത്തിലാണ്. രാജ്യത്തെ ഭക്ഷ്യധാന്യത്തിന്റേയും ഭക്ഷ്യസാധനങ്ങളുടേയും വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആയിരം കോടി രൂപയുടെ ഭക്ഷ്യസബ്സിഡിയാണ് ഈ ഗവൺമെന്റ് വെട്ടിക്കുറിച്ചിരിക്കുന്നത്. കൃഷിക്കാർക്കുവേണ്ടി രാസവളത്തിന്റെ 30,000 കോടി രൂപയുടെ സബ്സിഡിയാണ് വെട്ടിക്കുറച്ചത്. ഇന്ധനത്തിന്റെ 37000 കോടി രൂപയുടെ സബ്സിഡിയാണ് വെട്ടിക്കുറച്ചത്. എല്ലാ സബ്സിഡികളും ഒരു ശതമാനമാക്കി കുറയ്ക്കാൻ തീരുമാനിക്കുന്നുവെന്നാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ പറയുന്നത്. പാവപ്പെട്ടവന്റെ സബ്സിഡി വെട്ടിക്കുറയ്ക്കുമ്പോൾ കഴിഞ്ഞ അഞ്ച് കൊല്ലം കൊണ്ട് 28 ലക്ഷം കോടി രൂപയുടെ സബ്സിഡി കേന്ദ്ര ഗവൺമെന്റ് കോർപ്പറേറ്റുകൾക്ക് കൊടുത്തില്ലേ? പാവപ്പെട്ടവന് ഭക്ഷണം കഴിക്കാൻ വേണ്ടി, ജീവിക്കാൻ വേണ്ടി കേന്ദ്രം കൊടുക്കുന്ന സബ്സിഡി പിൻവലിച്ചിട്ട് പുതിയ മഹനീയമായ പരിപാടി കൊണ്ടുവന്നു. എല്ലാവർക്കും സബ്സിഡി പണമായി ബാങ്കുകളിൽ കിട്ടുമെന്നും നിങ്ങളെല്ലാവരും ആധാർ കാർഡ് എടുക്കണമെന്നും പറഞ്ഞു. ജനങ്ങളെ വഞ്ചിക്കുകയാണ്. അതെവിടെ കിട്ടാൻ പോകുന്നു? മാർക്കറ്റിലേയ്ക്ക് ജനങ്ങളെ വലിച്ചെറിയുകയല്ലേ ചെയ്യുന്നത്. മാർക്കറ്റിൽപ്പോയി സാധനം വാങ്ങിക്കോളൂ എന്നാണ് പറയുന്നത്. 14000 റേഷൻ കടകൾ ഇവിടെയില്ലേ? രണ്ടുകൊല്ലം കൊണ്ട് 14000 റേഷൻ കടകൾ അടച്ചുപൂട്ടി അതിന്റെ താക്കോൽ വാങ്ങാനിരിക്കുന്ന ആളാണ് വകുപ്പു മന്ത്രിയും ഗവൺമെന്റും. റേഷൻ കടകളിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്തിരുന്നതുപോലെ സാധനങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം വിതരണം ചെയ്യുന്നുണ്ടോ; അത്

ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടോ; മാവേലി സ്റ്റോറുകൾ നശിച്ചില്ലേ? ശ്രീ. ജി. സുധാകരൻ ഇവിടെയിരിപ്പുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ പതിനായിരക്കണക്കിന് ഔട്ട്ലെറ്റുകളിലൂടെ ഞങ്ങൾ ഇടപെട്ട് നടത്തിയ ഇടപെടലുകൾ ഇപ്പോൾ നടത്താൻ പറ്റുന്നുണ്ടോ? നടത്താൻ പറ്റുന്നില്ല, എന്തുകൊണ്ടാണത്? അങ്ങനെ ഇടപെടാൻ ഇവർ ഉദ്ദേശിക്കുന്നില്ല. രാജ്യത്തെ ജനങ്ങൾ ഇപ്പോൾ വലഞ്ഞിരിക്കുകയാണ്. 17 തവണ ഇന്ധനവില കൂട്ടിയപ്പോഴും വില കുറച്ച് കൊടുത്തിട്ടില്ലായെന്നത് കോൺഗ്രസ്സുകാർക്ക് അറിയാമല്ലോ.

<u>മി. സ്പീക്കർ</u>: ശ്രീ: വി.എസ്. സുനിൽ കുമാർ 11 മിനിറ്റ് കഴിഞ്ഞു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്.

<u>മി. സ്പീക്കർ</u>: എല്ലാം പ്രധാനപ്പെട്ട കാര്യമാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചു. റെയിൽവേ ചാർജ് വർദ്ധിപ്പിച്ചാൽ ട്രെയിനിൽ കയറുന്നവർക്ക് മാത്രമേ പ്രശ്നമുള്ളൂ. റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചാൽ ട്രെയിൻ കാണാത്തവർക്കുപോലും അതിന്റെ ഫലം അനുഭവിക്കേണ്ടി വരും. കാരണം ചരക്കുകൂലി വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ എല്ലാവരും അതിന്റെ കെടുതികൾ അനുഭവിക്കും. അതിനുപുറമേ ശ്രീ. ആര്യാടൻ മുഹമ്മദ് സാറിന്റെ വക വൈദ്യുതി ചാർജ്ജും കെ.എസ്. ആർ.ടി.സി.-യുടെ ചാർജ്ജും വർദ്ധിപ്പിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് സാറിനെ മുങ്ങുന്ന കപ്പലിലെ കപ്പിത്താനാക്കി വച്ചിരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ശ്രീ. വി. എസ്. സുനിൽകുമാർ, നാട്ടിൽ ഒരുപാട് പ്രശ്നമുണ്ട്. എല്ലാം ഇതിൽചേർത്ത് പറയാൻ കഴിയില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, കൊള്ളാവുന്ന ഒരു വകുപ്പ് അദ്ദേഹത്തിന് കൊടുക്കില്ല. അദ്ദേഹത്തിന്റെ വകുപ്പിൽ കെ.എസ്.ആർ.ടി.സി.യുടേയും ഇലക്ട്രിസിറ്റിയുടേയും ചാർജ്ജ് വർദ്ധിപ്പിച്ചു. അതിനുപുറമേ ശ്രീ. പി. ജെ. ജോസഫിന്റെ വക നമ്മുടെ സംസ്ഥാനത്തെ കുടിവെള്ളം സ്വകാര്യവത്ക്കരിക്കുകയും വില വർദ്ധിപ്പിക്കുകയും ചെയ്തു. കേരളത്തിലെ പട്ടിണിക്കാരായ ആളുകൾക്ക് തെരുവിൽ പോയി വെള്ളം കുടിക്കണമെങ്കിൽ പബ്ലിക്ക് ടാപ്പ് ഉണ്ടായിരുന്നു. 2015-ഓടുകൂടി പബ്ലിക്ക് ടാപ്പ് നിർത്തൽ ചെയ്യാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: എല്ലാ കാര്യങ്ങൾക്കും ശ്രീ. അനൂപ് ജേക്കബിന് മറുപടി പറയാൻ സാധിക്കില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, പാചകവാതകത്തിന്റെ വില അങ്ങേയ്ക്ക് അറിയാമല്ലോ? അങ്ങൊരു ഗൃഹനാഥനല്ലേ? പാചകവാതകത്തിന്റെ വില വർദ്ധിച്ചതിന്റെ കാര്യം അങ്ങയുടെ സഹധർമ്മിണിയോട് ചോദിച്ചുനോക്കൂ. എത്ര രൂപയാണ് വർദ്ധിച്ചത്? പാചകവാതക വില വർദ്ധിപ്പിച്ചിട്ട് ഈ വാചകമടികൊണ്ട് എന്തുകാര്യം. എന്തെങ്കിലും നടപടി സ്വീകരിച്ചോ? അങ്ങേയ്ക്ക് അസുഖം വന്നാൽ എന്താണ് സ്ഥിതി? അങ്ങ് വാങ്ങിയ മരുന്നിന്റെ തുക റീ-ഇംബേഴ്സ്മെന്റായി കിട്ടും. എനിക്കും കിട്ടും. എന്നാൽ റീ-ഇംബേഴ്സ്മെന്റില്ലാത്ത പാവപ്പെട്ടവൻ മരുന്ന് വാങ്ങാൻ പോയാൽ എന്താണ് സ്ഥിതി? ഇവിടെ മരുന്നുണ്ടെന്ന് പറഞ്ഞാലും അത് ഏട്ടിലെ പശുവാണ്. മരുന്ന് കിട്ടാനില്ല. മരുന്നിന് വൻ വിലയാണ്.

<u>മി. സ്പീക്കർ:</u> ശ്രീ: വി. എസ്. സുനിൽ കുമാർ, അങ്ങ് അവസാനിപ്പിക്കണം, എനിക്ക് മന്ത്രിയെ വിളിക്കേണ്ടി വരും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> പിടിച്ചുനിർത്താൻ കഴിയാത്ത വിധത്തിൽ മരുന്നിന്റെ വില കുതിച്ചുയരുകയാണ്. അതിന്റെ ഫലമായി മരുന്ന് വില പത്തിരട്ടിയായി വർദ്ധിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ:</u> 13 മിനിട്ട് കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> ഈ നാട്ടിലെ ജനങ്ങളുടെ രോദനമാണ്. ജീവിക്കാൻ ആരോട് പറയണം. രാജ്യം കത്തിയെരിയുമ്പോൾ യു.ഡി.എഫ്. സർക്കാർ വീണ വായിക്കുകയാണ്. രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഇടപെടലുകൾ ഈ ഗവൺമെന്റ് ചെയ്യുന്നുണ്ടോ? ഒരു കുടുംബത്തിലെ കേസ് ഒത്തുതീർപ്പാക്കാൻ ശ്രമിക്കുകയാണ് ചില മന്ത്രിമാരുടെ പണി. കുടുംബത്തെ യോജിപ്പിക്കുകയാണ്......

<u>മി. സ്പീക്കർ:</u> സാധാരണഗതിയിൽ ഞാൻ മൈക്ക് ഓഫ് ചെയ്യുന്ന സിസ്റ്റമില്ല. എന്നെകൊണ്ട് അത് ചെയ്യിക്കരുത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> മന്ത്രിമാർക്ക് അതാണോ പണി. എം.എൽ.എ. ആയി തെരഞ്ഞെടുത്ത് മന്ത്രിയായി വരുന്ന അധികാരത്തിൽ വരുന്ന ആളുകൾ ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഇന്നലെ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിനെക്കുറിച്ച് അഴിമതി ആരോപണം ഉന്നയിച്ചു. മന്ത്രിയുടെ ഓഫീസിൽ നാല് കൗണ്ടറുകളുണ്ടെന്ന് പറഞ്ഞത് മന്ത്രിയുടെ പാർട്ടിക്കാരാണ്. കൈക്കൂലിക്കാരെക്കൊണ്ട് നിറഞ്ഞ ഡിപ്പാർട്ട്മെന്റായി സിവിൽ സപ്ലൈസ് വകുപ്പ് മാറി. രാജ്യത്തെ ജനങ്ങൾ വിലക്കയറ്റത്തിന്റെ കെടുതി

കൊണ്ട് ബുദ്ധിമുട്ടുമ്പോൾ അതുകാണാത്ത ഗവൺമെന്റാണിത്. ഈ വിലക്കയറ്റം വളരെ ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഗൗരവമായി ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ശ്രീ. വി. എസ്. സുനിൽ കുമാർ അദ്ദേഹത്തിന്റെ ഭാവനയിൽ കലർന്ന കുറേ കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. അങ്ങനെയല്ലായെന്ന് പറയാൻ സാധിക്കില്ല. അദ്ദേഹം സ്വപ്ന ലോകത്ത് ജീവിക്കുകയാണ്. ഞങ്ങൾ 13 സബ്സിഡി സാധനങ്ങൾ 9 എണ്ണമായി കുറച്ചുവെന്ന് സൂചിപ്പിച്ചു. 13 സബ്സിഡി സാധനങ്ങൾ ഇപ്പോഴും സ്പ്ലൈകോ വഴി കൊടുക്കുന്നുണ്ട്. 9 എണ്ണമായി കുറച്ചുവെന്ന് പറയുന്ന കണക്ക് അദ്ദേഹത്തിന് എവിടെ നിന്ന് കിട്ടിയതാണെന്ന് മനസിലാകുന്നില്ല. 13 സബ്സിഡി സാധനങ്ങൾ ഇപ്പോഴും കൊടുക്കുന്നുണ്ട്. അതിനകത്ത് ഞങ്ങൾ ഒരു മാറ്റം വരുത്തിയത് എന്താണെന്നുവച്ചാൽ........(ബഹളം)......

മി. സ്പീക്കർ: നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ച് ബഹുമാനപ്പെട്ട അംഗം ചില കാര്യങ്ങൾ പറഞ്ഞു. അതെല്ലാം മന്ത്രി കേട്ടുകൊണ്ടിരുന്നു. മിനിസ്റ്റർക്ക് അതിന് മറുപടി പറയണ്ടേ.

ശ്രീ. അനൂപ് ജേക്കബ്: സർ, 13 ഇന സബ്സിഡി സാധനങ്ങളിൽ ഞങ്ങൾ മാറ്റം വരുത്തിയിട്ടുണ്ട്. ജീരകം, ഉലുവ അടക്കമുള്ള ചില സാധനങ്ങൾ മാറ്റി, പകരം ജയ, കുറുവ, മട്ട മുതലായ അരി ഇനങ്ങൾ ഉൾപ്പെടുത്തി. ആദ്യമായാണ് സബ്സിഡി ഇനത്തിൽ അരി ഉൾപ്പെടുത്തുന്നത്. പൊതുവിപണിയിൽ 32, 33, 34 രൂപ വരെ വിലയുള്ള അരിയാണ് സിവിൽ സപ്ലൈസ്

കോർപ്പറേഷൻ വഴി 16 മുതൽ 21 രൂപയ്ക്ക് നൽകുന്നത്. പകുതി വില യ്ക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സാധനങ്ങൾ കൊടുക്കു ന്നത്. ഇവിടെ മെമ്പർ അരിയുടെ വില 45–50 രൂപ വരെയുണ്ടെന്ന് പറഞ്ഞു. അരിയുടെ വില പറയുമ്പോൾ, ബസുമതി റൈസിന് 85–90 രൂപ വരെ വില യുണ്ട്. അതുകൊണ്ട് അരിയുടെ വില 85–90 രൂപ വരെയാണെന്ന് പറയാൻ സാധിക്കുമോ? ബ്രാൻഡഡ് അരിയ്ക്ക് വിലയുണ്ടാകും. ബ്രാൻഡഡ് അരിയുടെ വിലവച്ചുകൊണ്ട് പൊതുവിപണിയിലെ അരിയുടെ വില ഇത്രയാ ണെന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ടാണ് അദ്ദേഹം ഭാവനയിൽ നിന്ന് സംസാരിക്കുന്നതാണെന്ന് ഞാൻ പറഞ്ഞത്. ഇവിടെ കൃത്യമായ നിലയിൽ, മിതമായ വിലയിൽ ജനങ്ങൾക്ക് സാധനങ്ങൾ എത്തിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. നമ്മുടെ റേഷനിംഗ് സിസ്റ്റം വളരെ ശക്തമായ നിലയിൽത്തന്നെയാണ് മുന്നോട്ടുപോകുന്നത്. ഇന്നലെ പല വിഷയങ്ങളും ഉന്നയിച്ചപ്പോൾ ഇതിനകത്ത് പല അപാകതകളും കടന്ന് വന്നിട്ടുണ്ടെന്ന് ഞാൻ പറഞ്ഞതാണ്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. അത് 11 മാസം കൊണ്ടുവന്ന അപാകതയൊന്നുമല്ല. അത് കാലാകാലങ്ങളായി നമ്മുടെ പൊതുവിതരണ ശൃംഖലയിൽ പലതരത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. അത് അവസാനിപ്പിക്കാനുള്ള ശക്തമായ സമീപനങ്ങൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. റേഷൻ സമ്പ്രദായം കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനെക്കുറിച്ച് ഞാൻ പല സന്ദർഭങ്ങളിലും നിയമസഭയിൽ പറഞ്ഞി ട്ടുള്ളതാണ്. ആധുനിക സാങ്കതിക വിദ്യ ഫലപ്രദമായി നമ്മുടെ പൊതുവിത രണ ശൃംഖലയിൽ വിനിയോഗിക്കാൻ കഴിയണം. റെയ്ഡുകളും ഇൻസ്പെ ക്ഷനുകളും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം വന്ന കാലംമുതൽ ഇവിടെ നട

ത്തുന്നതാണ്. എന്നാൽ ഒരു ഭാഗത്തുകൂടി കരിഞ്ചന്തയിലേയ്ക്കും പോകു ന്നുണ്ട്. അത് തടയിടാൻ നമുക്കെങ്ങനെ സാധിക്കും? അതിനൊരു ശാശ്വത മായ പരിഹാരമെന്ന നിലയിലാണ് ഇത്തരത്തിലുള്ള നൂതന സംവിധാനം ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഞങ്ങളുദ്ദേശിക്കുന്നത്. അത് നടപ്പിലാക്കു ന്നതിലൂടെ ഇതിന് ശാശ്വതമായ പരിഹാരം കൊണ്ടുവരാൻ കഴിയു മെന്നുതന്നെയാണ് കരുതുന്നത്. ബി.പി.എൽ. വിഭാഗങ്ങൾക്ക് അധിക വിഹിതം കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്നു. ഞങ്ങൾ പല പ്രാവശ്യം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നൽകിയ അധിക വിഹി തത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ സൂചിപ്പിച്ചത്. അതിനകത്ത് 132725 മെട്രിക് ടൺ അരിയും 54211 മെട്രിക് ടൺ ഗോതമ്പും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത്രയും അളവ് ധാന്യങ്ങൾ എറ്റെടുക്കുന്നതിന് മൂന്ന് മാസത്തെ സമയമാണ് നമുക്ക് നൽകി യിട്ടുള്ളത്. എന്തായാലും സംസ്ഥാന ഗവൺമെന്റ് വീണ്ടും കേന്ദ്രത്തോട് എക്സ്റ്റൻഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനകത്ത് നമ്മൾ അധികമായി കൊടുക്കുകയാണ്. നേരത്തെ എ.പി.എൽ. സബ്സിഡിക്കാർക്ക് രണ്ട് രൂപ നിരക്കിൽ ഒമ്പത് കിലോഗ്രാം അരിയും 2 രൂപ നിരക്കിൽ മൂന്ന് കിലോഗ്രാം ഗോതമ്പും കൊടുക്കുന്നുണ്ട്. അതിനുപുറമേ 2009-ൽ ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവർക്ക് അധികമായിട്ടാണ് 6.20 രൂപ നിരക്കിൽ 19 കി.ഗ്രാം അരിയും 4.70 രൂപ നിരക്കിൽ ആറ് കി.ഗ്രാം ഗോതമ്പും കൊടുക്കുന്നത്. നോർമൽ അലോട്ട്മെന്റ് കൃത്യമായ നിലയിൽത്തന്നെ നൽകുന്നുണ്ട്. അതിന ധികമായി ലഭിച്ചതും ഞങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. യഥാർത്ഥ ത്തിൽ എ.പി.എൽ. വിഭാഗത്തിന് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ടു

കൊണ്ട് കേന്ദ്ര ഗവൺമെന്റിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഡൽഹിയിൽപ്പോയി ഡെലിഗേഷനിൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

എന്തായാലും നമുക്ക് കൂടുതൽ അരി നൽകിയപ്പോൾ അത് ബി.പി.എൽ. വിഭാഗത്തിനായിട്ടാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. ബി.പി.എൽ. വിഭാഗത്തിന് ഇപ്പോൾത്തന്നെ 25 കിലോ അരി നൽകിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമെ വീണ്ടും 5 കിലോ അരിയും 2 കിലോ ഗോതമ്പും അവർക്ക് കൊടുക്കുന്നുണ്ട്. അതോടൊപ്പമാണ് 2009-ലെ ബി.പി.എൽ. ലിസ്റ്റിലെ - അവർ എ.പി.എൽ. കാർഡ് ഹോൾഡേഴ്സാണ്. അവർക്കാണ് അധികമായി കൊടുക്കുന്നത്. ആദ്യമായാണ് അത്തരത്തിലുള്ള ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർ, 2009 മുതൽ അവരുടെ ആവശ്യവും ഇതുതന്നെയായിരുന്നു. അവർക്ക് കൂടുതൽ അലോട്ട്മെന്റും ഭക്ഷ്യ ധാന്യങ്ങളും കിട്ടണമെന്നതുതന്നെയായിരുന്നു അവരുടെ കാലാ കാലങ്ങളായുള്ള ആവശ്യം. അത് നിറവേറ്റാൻ കഴിഞ്ഞത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 2009-ലെ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർക്ക് അധികമായി 19 കിലോ അരിയും 6 കിലോ ഗോതമ്പും ഉൾപ്പെടെ അധിക ഭക്ഷ്യധാന്യം നൽകുവാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതിനകത്തുവരുന്ന ഡൈവർഷൻസിനെക്കുറിച്ചുള്ള കാര്യമാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽത്തന്നെയാണ് ഇപ്പോൾ സ്ക്വാഡുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള വിഷയങ്ങൾ

ലാഘവത്തോടെയല്ല ഗവൺമെന്റ് കാണുന്നത്. ഏതെങ്കിലും തരത്തിലുള്ള ഡൈവെർഷൻസ് ഉണ്ടെങ്കിൽ അതിന് ശക്തമായ നിലയിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. അദ്ദേഹം ഇന്നലെ അഴിമതി ആരോപണങ്ങളെക്കുറിച്ച് പറഞ്ഞു. അതിനൊക്കെ വ്യക്തമായ മറുപടി ഇന്നലെ ഞാൻ പറഞ്ഞതാണ്. പിന്നെയും പറയാൻ എന്നെ നിർബന്ധിപ്പിക്കുകയാണ്. ആവർത്തിച്ചാവർത്തിച്ച് ഡിപ്പാർട്ടുമെന്റിനെ അധിക്ഷേപിക്കുമ്പോൾ എനിക്ക് പഴയ പത്രക്കെട്ടുകളിലേയ്ക്ക് പോകേണ്ടി വരും. 22-12-2010-ലുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലെ കുറിപ്പാണിത്. 'Kerala CPI in trouble as food scam worsens'. ഇത് അന്നത്തെ ഇംഗ്ലീഷ് പത്രത്തിലെ തലക്കെട്ടാണ്. .............(ബഹളം)............. ഞാൻ പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. .............(ബഹളം)............. എന്നെ പറയാൻ നിർബന്ധിതനാക്കുകയാണ്. ഞാൻ പറഞ്ഞല്ലോ, ഇത് ഇന്നോ ഇന്നലെയോ ഈ വകുപ്പിനകത്ത് കടന്നുവന്നതല്ല. പല തരത്തിലുള്ള അപാകതകൾ.......... .............(ബഹളം)............. അതിൽ അങ്ങ് ദേഷ്യപ്പെടാൻ വേണ്ടി പറഞ്ഞതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളാരും ദേഷ്യപ്പെടാൻ വേണ്ടി ഞാൻ പറഞ്ഞതല്ല. ഇത് ഞാൻ പറഞ്ഞതുമല്ല. പഴയ ഒരു പത്ര കട്ടിംഗ് എനിക്ക് കിട്ടിയതാണ്. തുടരെത്തുടരെ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇതിന്റെ പിന്നിലെ ചരിത്രത്തിലേയ്ക്ക് പോകേണ്ട ആവശ്യം എനിക്കുവന്നു. ഇതുപറയുമ്പോൾ പത്രങ്ങലിൽ എഴുതിയിരിക്കുന്ന വാർത്തകൾ ശരിയാണെന്ന് ഞാൻ പറയുന്നില്ല. .............(ബഹളം)............. ഇതൊന്നും ശരിയാണെന്ന് പറയേണ്ട സാഹചര്യത്തിലേയ്ക്ക് ഞാൻ വരുന്നില്ല. .............(ബഹളം)............. ഇനിയും അങ്ങനെയുള്ള വാർത്തകളുണ്ട്.

അതൊന്നും എടുത്ത് വായിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് മാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകളെല്ലാമെടുത്ത് അഴിമതിയാണെന്ന് പറഞ്ഞു കൊണ്ടിരുന്നാൽ ഇങ്ങനെയുള്ള കാര്യങ്ങളിലേയ്ക്ക് പോകേണ്ടി വരുമെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇതൊക്കെ പറയുമ്പോഴും പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശരിയാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇതിനകത്ത് കാലാകാലങ്ങളായി കടന്നുവന്ന അപാകതകൾ പരിപൂർണ്ണമായും തടയിടുവാനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ പ്രതിപക്ഷത്തിന്റെ സഹകരണം കൂടി വേണമെന്നുമാത്രമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. എന്തായാലും ഇത്തരത്തിലുള്ള വിഷയങ്ങൾ ഇവിടെ നിലനിൽക്കുന്നു; ആ വിഷയത്തെ ഗവൺമെന്റ് ഫലപ്രദമായി നേരിടുന്നുണ്ട്. ശക്തമായി നേരിടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് ഞാൻ ചില കാര്യങ്ങൾ പറയാം. വിലക്കയറ്റമുണ്ട് എന്ന കാര്യം ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ ഒരു ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. സാധാരണരീതിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ. വിഭാഗക്കാർക്ക് 2 രൂപയ്ക്ക് കൊടുത്തുകൊണ്ടിരുന്ന അരിയും ഗോതമ്പും ഒരു ദിവസംപോലും വൈകാതെ യഥാസമയം വിതരണം ചെയ്യുന്നണ്ട്. അത്

പോരാത്തതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടക്കാതിരുന്ന കാര്യം ഞങ്ങൾ കേന്ദ്രത്തോട് പറഞ്ഞ് പ്രത്യേകം അലോട്ടുമെന്റ് വാങ്ങിയത്. ഇന്ന് 6.20 രൂപയ്ക്ക് 19 കിലോ അരിയും അതിനുപുറമേ 4.70 രൂപയ്ക്ക് ഗോതമ്പും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഡീഷണലായി കൊടുക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. സമയം നീട്ടാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. കേന്ദ്ര ഗവൺമെന്റുമായി ഇന്നലെയും ബന്ധപ്പെട്ടു. അവർ സമയം നീട്ടിത്തരാമെന്ന് സമ്മതിച്ചു. അതിനുപുറമേ ഈ വിലയ്ക്ക് കൊടുക്കാനായി കൂടുതൽ അരി അലോട്ട് ചെയ്യാമെന്നും സമ്മതിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ചില്വാനം മെട്രിക് ടൺ അരി വന്നത് ഡിസംബർ മാസത്തിലാണ്. ഇത്രയും മാസത്തിനകത്ത് എത്ര ടൺ അരി എടുത്തിട്ടുണ്ട്, കൃത്യമായി ആളുകൾക്ക് അഡീഷണലായി അരിയും ഗോതമ്പും കൊടുക്കുന്നുവെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. ശരിയാണ്, അഡീഷണലായി വരുന്ന അരി മറിച്ചു വിൽക്കുന്നു; അത് കരിഞ്ചന്തയിൽ പോകുന്നു എന്നതിനെക്കുറിച്ച് ഇന്ന് മലയാള മനോരമ ദിനപത്രത്തിൽ വാർത്തയുണ്ട്. ഇത് ഇന്നത്തെ മാത്രം വാർത്തയല്ല. നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന വാർത്തയാണ്. അതന്വേഷിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. ഇവിടെ അരിയുമായി ബന്ധപ്പെട്ട് മുഖ്യമായും രണ്ട് ഇഷ്യൂ പറഞ്ഞിട്ടുണ്ട്. ഒന്ന്, ക്വാണ്ടിറ്റി. രണ്ട്, ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് പോകുന്ന പ്രശ്നം.

അതിൽ ക്വാണ്ടിറ്റിയുടെ കാര്യം ഞാൻ പറയുന്നു. കഴിഞ്ഞ ഗവൺമെന്റ് സ്വീകരിക്കാത്ത ഒരു നടപടിയാണ്. ഞങ്ങൾ കേന്ദ്രത്തിൽ പോയി നിരന്തരം സമ്മർദ്ദം ചെലുത്തി അവിടെ നിന്ന് അരി വാങ്ങി ഇവിടെ വിതരണം ചെയ്യുന്നു. അതിന് എക്സ്റ്റെൻഷൻ ഞങ്ങൾ വാങ്ങി. എക്സ്റ്റെൻഷന് അപേക്ഷിച്ച കാര്യമാണ് വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ഇന്നലെ വൈകിട്ടും ഞാൻ കോണ്ടാക്ട് ചെയ്തു. അതിന് എക്സ്റ്റെൻഷൻ വാങ്ങി. 1.35–ടണ്ണോളം അനുവദിച്ചിട്ടുള്ളത് ആവശ്യമെങ്കിൽ കൂട്ടിത്തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. കരിഞ്ചന്തയിൽ പോകുന്ന കാര്യം യാഥാർത്ഥ്യമാണ്, അങ്ങനെ പോകുന്നുണ്ട്. അതുംകൂടി കണ്ടുകൊണ്ടാണ് ഞങ്ങൾ പുതിയൊരു സ്കീം കൊണ്ടുവന്നത്. അതിനെ നിങ്ങളും ഇവിടത്തെ റേഷൻകടക്കാരും എതിർക്കുകയാണ്. യഥാർത്ഥത്തിൽ പാവങ്ങളുടെ കയ്യിൽ ഇതിന്റെ പൂർണ്ണ പ്രയോജനം എത്തണമെങ്കിൽ ഇത് ക്യാഷായി കൊടുക്കണം. അത് നേരെ അവരുടെ കയ്യിൽ കിട്ടുന്ന സ്കീമാണ്. അരി കൊടുത്തതിനുശേഷം അതിന്റെ സബ്സിഡി കൊടുക്കുന്നുവെന്നുള്ളതാണ് നിങ്ങളുടെ ഒബ്ജക്ഷനെങ്കിൽ നമുക്ക് അഡ്വാൻസായി കൊടുക്കാം. ഞങ്ങൾ അതിനും റെഡിയാണ്. ഒരു വർഷം 600 കോടി രൂപ നമ്മൾ അരിയുടെ സബ്സിഡിക്കുവേണ്ടി ചെലവഴിച്ചിട്ട് അതിന്റെ പകുതിപോലും ഇവിടത്തെ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുന്നില്ലെങ്കിൽ നമുക്ക് ഇങ്ങനെ പോകണോ? അതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നിങ്ങളോട് ഞാൻ ഇവിടെ വച്ച് ചോദിക്കുകയാണ്....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കരിഞ്ചന്തയ്ക്ക് മറുമരുന്നായി സബ്സിഡി പണമായി കൊടുക്കണമെന്നാണോ അങ്ങ് പറയുന്നത്.

കരിഞ്ചന്തയിലേയ്ക്ക് പോകുന്നുവെന്ന് അങ്ങ് സമ്മതിക്കുന്നു. കരിഞ്ചന്ത തടയാൻ നിങ്ങൾ തയ്യാറല്ല, അതിനുപകരം ഞങ്ങൾ സബ്സിഡി കൊടുക്കുമെന്നാണോ അങ്ങ് പറയുന്നത്? കരിഞ്ചന്ത ഒരു യാഥാർത്ഥ്യമാണ്. കരിച്ചന്ത നടന്നുകൊണ്ടിരിക്കുന്നു. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിച്ചിരിക്കുകയാണ്. ഞാൻ അങ്ങയെ വ്യക്തിപരമായി ആക്ഷേപിക്കാൻ പറയുന്നതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വർദ്ധിച്ചിരിക്കുന്നു. ഇത് മലയാള മനോരമ പത്രത്തിൽ മാത്രമല്ല ദേശാഭിമാനിയിലും മാതൃഭൂമിയിലും ജനയുഗത്തിലും കേരള കൗമുദിയിലുമൊക്കെ നിരന്തരമായി വന്ന വാർത്തയാണ്. അങ്ങ് ഇന്നുവരെ അതുസംബന്ധിച്ച് യാതൊരു നിലപാടും വ്യക്തമാക്കിയിട്ടില്ല. അങ്ങ് സബ്സിഡി പണമായി നൽകുന്ന കാര്യമല്ലാതെ ഇതിനെ സംബന്ധിച്ച് അന്വേഷിക്കുമെന്നോ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നോ പറയു ന്നില്ല. ഈ വകുപ്പിന്റെ മന്ത്രിയുമായി ബന്ധപ്പെട്ട് വരുന്ന അഴിമതി ആരോപണത്തെക്കുറിച്ച് മൂന്ന് വിജിലൻസ് കേസ് ഉണ്ടായിട്ടും അങ്ങ് എന്തുകൊണ്ടാണ് ഇതുസംബന്ധിച്ച് മറുപടിപോലും പറയാത്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഗവൺമെന്റ് ശക്തമായ നടപടിയെടുത്തു. പല റേഷൻ കടക്കാരേയും അറസ്റ്റ് ചെയ്തു. ആ സമരത്തിന്റെ പുറകിലും നിങ്ങളുടെ പാർട്ടിക്കാരുണ്ട്. അത് ശരിയാണോ? ഇവിടെ കർശനമായ നടപടിയെടുത്ത് തുടങ്ങിയപ്പോൾ ശക്തമായ പ്രതിഷേധമായി.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയാണ്. നിങ്ങളുടെ പാർട്ടി ഇടപെട്ടു എന്നുപറഞ്ഞ് അങ്ങനെ ഒരു പുകമറ സൃഷ്ടി ക്കുന്ന പതിവ് ഇവിടെ സ്ഥിരമായിട്ടുള്ളതാണ്. ആരാണ് ഇടപെട്ടത്? നിങ്ങൾ

അഴിമതിക്കെതിരായി നടപടിയെടുത്തപ്പോൾ ഇപ്പുറത്ത് ആരാണ് ഇടപെട്ടതെന്ന് പറയാനുള്ള ആർജ്ജവം നിയമസഭയിൽ കാണിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കർശന നടപടി എടുക്കാൻ തുടങ്ങിയപ്പോൾ ആദ്യം റേഷൻകടക്കാർ പ്രതിഷേധിച്ചു. ഇവിടെ റേഷൻകടക്കാരെ ദ്രോഹി ക്കുന്നു, അവർ ചെയ്യുന്ന സേവനത്തെ മറച്ച് വയ്ക്കുന്നു എന്നെല്ലാം പറഞ്ഞുകൊണ്ട് ഈ നാട്ടിലൊട്ടാകെ പ്രശ്നങ്ങളായില്ലേ? ഇത് നിയന്ത്രിക്ക ണമെങ്കിൽ സബ്സിഡി പണമായി പാവപ്പെട്ടവരുടെ കയ്യിൽ ലഭിക്കുന്ന സാഹചര്യം വന്നാൽ അതൊരു പൂർണ്ണ വിജയമാകും. അതിനായി പ്രായാഗികമായി പറയുന്ന ഏത് നിർദ്ദേശവും അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പണം അഡ്വാൻസായി നൽകുന്നതിനും യാതൊരു തടസ്സവുമില്ല. ഗവൺമെന്റിന്റെ വില ഇടിഞ്ഞു എന്ന് ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ ഇവിടെ പറഞ്ഞു. ഇന്നത്തെ ജനങ്ങൾക്ക് എല്ലാം കാണാനും അറി യാനുമുള്ള അവകശവും അവസരവുമുണ്ട്. ബഹുമാനപ്പെട്ട സുനിൽകുമാർ, ഈ സഭ ആരംഭിച്ചതിനുശേഷം അങ്ങയുടെ വിലയും വളരെ വർദ്ധിച്ചിരിക്കു കയാണെന്നുള്ള കാര്യം മറക്കണ്ട. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. സി. ദിവാകരൻ: സമരത്തിനുപുറകിൽ നിങ്ങളുടെ പാർട്ടിക്കാരു ണ്ടെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ശരിയല്ല. ഞങ്ങൾ ഇതിൽ ഇടപെട്ടിട്ടില്ല. നിങ്ങളും നിങ്ങുടെ പാർട്ടിക്കാരും ഇതിൽ ഇടപെട്ടു എന്ന് പറഞ്ഞത് സഭാ രേഖകളിൽനിന്ന് പിൻവലിക്കണം.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ നാട്ടിലെ ബി.പി.എൽ.കാർക്കും എ.പി.എൽ.കാർക്കും ലഭിക്കേണ്ട ഏതാണ്ട് പന്ത്രണ്ട് ലക്ഷത്തോളം ടൺ അരി എവിടെയോ പോകുന്നു. അത് പാവങ്ങൾക്ക് ലഭിക്കുന്നില്ല. ഈ വിഷയമാണ് അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിക്കുന്നത്. ഭക്ഷ്യവകുപ്പിൽ നടക്കുന്ന അഴിമതിയെ സംബന്ധിച്ച് ഇന്നലെയും മിനിഞ്ഞാന്നും സഭയിൽ നടന്ന ചർച്ചകളിൽ അംഗങ്ങൾ വളരെ രൂക്ഷമായി പ്രതികരിച്ചു. അവർ തെളിവ് സഹിതം ഇക്കാര്യം ചൂണ്ടിക്കാണിച്ചു. മനോരമയിലും മാതൃഭൂമിയിലും കേരള കൗമുദിയിലുമെല്ലാം വരുന്ന ന്യൂസ്, അതിനെ നേരിടാൻ വേണ്ടി പയനിയർ എന്നുപറയുന്ന ഒരു ഡൽഹി പത്രം...... അങ്ങനെയൊരു പത്രംതന്നെ ഉണ്ടോ, അതോ ശ്രീ. അനൂപ് ജേക്കബിന്റെ വകയായി ഇറങ്ങുന്നതാണോ എന്നുള്ള കാര്യം എനിക്കറിയില്ല. ഇത് ശ്രീ. അനൂപ് ജേക്കബിന്റെ വകയായി ഇറങ്ങുന്ന പത്രമാണെന്നാണ് തോന്നുന്നത്. ഇന്നത്തെ സ്ഥിതിയിൽ ഈ ഗവൺമെന്റിന് ഇത്തരം അഴിമതികൾ നടത്തുന്നതിന് കൂട്ട് നിൽക്കുക എന്നുള്ളതല്ലാതെ പാവപ്പെട്ട ആളുകൾക്ക് വിശേഷിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അരിയും മറ്റ് ഭക്ഷ്യസാധനങ്ങളും നൽകുന്നതിന് കഴിയുകയില്ലെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ വസ്തുതകൾ പറയുമ്പോൾ മന്ത്രിയും മുഖ്യമന്ത്രിയും ഇവിടെ ശുണ്ഠിയെടുത്തു. ഇപ്രകാരം ശുണ്ഠി കാണിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. ജനങ്ങളുടെ സജീവമായ ഇത്തരം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാതെ ശുണ്ഠിയെടുത്തും ആഭാസത്തരം പറഞ്ഞും ഞങ്ങളെ ഇരുത്താമെന്ന് കരുതരുത്. അത് ഞങ്ങൾ സമ്മതിക്കില്ല.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ അർത്ഥത്തിൽ അങ്ങനെയാരും ഇവിടെ പറഞ്ഞില്ല.

ശ്രീ. വി.എസ്. അച്യുതാനന്ദൻ: സർ, ശ്രീ. വി.എസ്. സുനിൽകുമാറിനെ ആക്ഷേപിച്ചുകൊണ്ട്, എന്നാൽ നിങ്ങളായിരിക്കും, നിങ്ങളുടെ പാർട്ടിയായിരിക്കും എന്ന് പറഞ്ഞതിനെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞത്. ഇത് അങ്ങ് കേട്ടില്ലായിരിക്കും.

മി. സ്പീക്കർ: ഞാൻ എല്ലാം കേട്ടു. ഞാൻ കേട്ടതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞത്.

ശ്രീ. വി.എസ്. അച്യുതാനന്ദൻ: സർ, കേൾക്കുന്നുണ്ടെങ്കിൽ ഒരു വശം മാത്രം കേട്ടാൽ പോര, രണ്ട് വശവും കേൾക്കണം. ചിലർ സഭയുടെ സംസ്ക്കാരത്തിന് അനുയോജ്യമല്ലാത്ത കാര്യങ്ങൾ ഇവിടെയും പുറത്തും പറയുന്നതിനെ സംബന്ധിച്ച് അന്വേഷിക്കാനാണല്ലോ കഴിഞ്ഞ ദിവസം എഥിക്സ് കമ്മിറ്റിയെ നിയോഗിച്ചത്. ഇതുപോലുള്ള കമ്മിറ്റികൾക്ക് കൂടുതൽ ജോലി നൽകാൻ ഇടയാകത്തക്ക നിലയിൽ നമ്മുടെ സംസ്ക്കാരം പോകരുത്.

മി. സ്പീക്കർ: സർ, അങ്ങയുടെ പ്രസംഗത്തിൽ ഞാൻ ഇടപടുകയല്ല, അങ്ങിവിടെ നിയമസഭ കമ്മിറ്റിയെക്കുറിച്ച് ഇടയ്ക്കിടയ്ക്ക് പറയുന്നു. അത് വേണ്ട, അത് ശരിയല്ല, അങ്ങനെ പറയരുത്. ഇത് നിയമസഭയുടെ കമ്മിറ്റിയാണ്.

ശ്രീ. വി.എസ്. അച്യുതാനന്ദൻ: സർ, ഏതായാലും ഇത്തരത്തിൽ നമ്മുടെ സംസ്ക്കാരം അധഃപതിക്കാൻ പാടില്ലെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഇതുസംബന്ധിച്ച് മന്ത്രിയും മുഖ്യമന്ത്രിയും നൽകിയ മറുപടി ഒട്ടും തൃപ്തികരമല്ല. അതുകൊണ്ട് കൂട്ടുകാരായിട്ടുള്ള ആളുകൾക്ക്, അഴി

മതി നടത്തി പണം പിടുങ്ങുന്ന ആളുകൾക്ക് സഹായകമായ നിലയിലേയ്ക്കാണ് ഈ ഗവൺമെന്റ് പോകുന്നത് എന്നതുകൊണ്ട് ഇതിൽ ശക്തമായി പ്രതിഷേധിക്കുകയാണ്. ഈ പ്രശ്നത്തെ ന്യായീകരിക്കുന്ന ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിനാൽ ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും വിലക്കയറ്റം കർശനമായി തടയുന്നതിനും സഹായകരമായ രീതിയിൽ ഗവൺമെന്റ് പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം സഭയിൽ കൊണ്ടുവന്നത്. ഇതുപോലൊരു അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നത് അപ്പുറത്തിരിക്കുന്ന എം.എൽ.എ.മാക്കും ശ്രീ. ആര്യാടൻ മുഹമ്മദിനും ഓർമ്മയുണ്ടായിരിക്കും. ഇപ്രകാരം അടിയന്തരപ്രമേയം നിങ്ങൾ കൊണ്ടുവന്നപ്പോൾ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്തു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഓർമ്മ കാണും. പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന ഭക്ഷ്യധാന്യ വിലക്കയറ്റം, മണ്ണെണ്ണ ഇല്ലായ്മ, പഞ്ചസാര ഇല്ലായ്മ, ഗോതമ്പ് ഇല്ലായ്മ, റേഷൻ കടകളിൽ സാധനം ഇല്ലായ്മ, മാവേലി സ്റ്റോറിന്റെ പ്രവർത്തനരാഹിത്യം തുടങ്ങി സർവ്വോപരി അഴിമതിയാണ്. അത്യന്തം ഗുരുതമായ ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചത്. സമ്പൂർണ്ണമായ ഒരു ചർച്ചയ്ക്ക് നിങ്ങൾ അറയ്ക്കുന്നത് എന്തുകൊണ്ടാണ്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞല്ലോ, സഭാ നടപടികൾ നിറു

ത്തിവച്ച് ചർച്ച ചെയ്യാൻ ഞാൻ തയ്യാറയല്ലോ. ഇന്ന് എന്തുകൊണ്ട് നിങ്ങൾ അതിന് തയ്യാറാകുന്നില്ല. അന്നത്തെക്കാൾ രൂക്ഷമല്ലേ ഇന്നത്തെ വിലക്കയറ്റം? വിലക്കയറ്റമുണ്ടെന്ന് ഇക്കണോമിക് റിവ്യൂവിൽതന്നെ പറഞ്ഞിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു വസ്തുതയാണ്. വിലക്കയറ്റംമൂലം പീഡനം അനുഭവിക്കുന്ന ജനങ്ങളെ എങ്ങനെയാണ് സഹായിക്കാൻ കഴിയുക? അഴിമതിയെക്കുറിച്ച് പറഞ്ഞപ്പോൾ അതിനെതിരായി നടപടിയെടുത്തു എന്ന് അങ്ങ് പറയുകയുണ്ടായി. നിങ്ങൾ ആരെയാണ് അറസ്റ്റ് ചെയ്തതെന്ന് എനിക്കറിയില്ല. ഇവിടെ അഴിമതി നടത്തുന്നത് കേരളത്തിലെ ഗോഡൗണുകളാണ്. ഇക്കാര്യം എല്ലാവർക്കും അറിയാം. എഫ്.സി.ഐ. ഗോഡൗണുകളും സ്വാകാര്യ ഗോഡൗണുകളും തമ്മിലുള്ള അവിഹിത ബന്ധമാണ് കേരളത്തിലെ ഭക്ഷ്യധാന്യം മുഴുവൻ കരിഞ്ചന്തയിലേക്ക് പോകാൻ കാരണം. എഫ്.സി.ഐ. ഉദ്യോഗസ്ഥന്മാരും കേരളത്തിലെ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ഒരു റാക്കറ്റ് ദീർഘനാളുകളായി ഇവിടെ പ്രവർത്തിക്കുകയാണ്. അത് പൊളിക്കാനുള്ള ആർജ്ജവവും ഇച്ഛാശക്തിയും ഈ ഗവൺമെന്റ് കാണിക്കണം. അതിനുള്ള പൊളിറ്റിക്കൽ വിൽ പ്രകടമാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ ദുർബ്ബലമാണ്. റേഷൻകടക്കാർ പ്രക്ഷോഭം നടത്തുകയാണെന്ന് ഇവിടെ പറഞ്ഞു. ആരാണ് ഈ റേഷൻകടക്കാർ, ആരാണ് റേഷൻകടക്കാരുടെ നേതാവ് - ഇപ്പോഴത്തെ ഒരു കേന്ദ്ര മന്ത്രിയാണ് റേഷൻകടക്കാരുടെ നേതാവ്. കേരളത്തിലെ റേഷൻ കടകളെ നയിക്കുന്നത്, റേഷൻ കട സംഘടനയെ നയിക്കുന്നത് ഈ വകുപ്പുമന്ത്രിയുടെ നേതാവാണ്. അതെന്താണ് മുഖ്യമന്ത്രി മറുന്നുപോയത്? ഇതിനെതിരായി നിൽക്കുന്ന റേഷൻ കടകളുടെ കേരളത്തിലെ നേതാക്കന്മാർ കോൺഗ്രസ്സുകാരാണ്, ജേക്കബ്

ഗ്രൂപ്പിന്റെ പാർട്ടിചെയർമാനാണ്. അല്ലെന്ന് പറയാൻ സാധിക്കുമോ? ഞാൻ റേഷൻ കടക്കാരുടെ നേതാവല്ല. അതിനെതിരായാണ് റേഷൻ കടക്കാർ പ്രക്ഷോഭം നടത്തുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതു പോലെ ക്യാഷ് പേമെന്റിലൂടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമോ? ഇതുസംബന്ധിച്ച് പാർലമെന്റിൽ വന്നിട്ടുള്ള റിപ്പോർട്ട് അങ്ങ് പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മാറ്റങ്ങൾ ഉൾക്കൊള്ളാൻ എല്ലാ വരും തയ്യാറാകണം. ഇന്നുണ്ടായിട്ടുള്ള ആധുനിക സൗകര്യങ്ങൾ പ്രയോജന പ്പെടുത്തണം. ഇവിടത്തെ പാവപ്പെട്ടവർക്ക് നൽകുന്ന അരിയുടെ സബ്സിഡിക്കായി 600 കോടി രൂപ നീക്കിവച്ചിട്ടുപോലും ഇവിടത്തെ പാവ പ്പെട്ട ആളുകൾ ഓപ്പൺ മാർക്കറ്റിൽനിന്നും കൂടിയ വിലയ്ക്ക് അരി വാങ്ങണ മെന്ന് പറയുന്ന സാഹചര്യം എല്ലാവർക്കും അപമാനകരമാണ്. ഇതിനൊരു പരിഹാരമാർഗ്ഗമെന്ന് പറയുന്നത് ഓൺലൈൻ പേമെന്റ് മാത്രമാണ്. വേണമെ ങ്കിൽ അത് അഡ്വാൻസായി കൊടുക്കാനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. സി. ദിവാകരൻ: അതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. എന്ത് ആധുനിക സംവിധാനത്തെപ്പറ്റി പറഞ്ഞാലും ഓൺ ലൈൻ പേമെന്റിലൂടെ ഇവിടത്തെ പാവപ്പെട്ട ആളുകൾക്ക് ക്യാഷ് മാത്രമേ ലഭിക്കുക യുള്ളൂ, ഭക്ഷ്യധാന്യങ്ങൾ ലഭിക്കുകയില്ല. ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങളുടെ കൺട്രോളിംഗ് സ്വകാര്യമേഖലയുടെ കൈകളിലാണ്. അരിക്കച്ചവടക്കാർ മുഴു വൻ സ്വകാര്യ മേഖലയിലുള്ളവരാണ്, കേരളത്തിലെ സ്വകാര്യ ഗോഡൗണുക ളാണ്. അവരാണ് കമ്പോളത്തിൽ വില നിശ്ചയിക്കുന്നത്. നിങ്ങൾ പറയുന്ന

ക്യാഷ് പേമെന്റ് കൊണ്ട് പാവപ്പെട്ട ആളുകൾക്ക് കമ്പോളത്തിൽ നിന്ന് അരി ലഭിക്കുകയില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തികച്ചും നിർഭാഗ്യകരമായൊരു നിലപാടാണിത്. കമ്പ്യൂട്ടർ സമ്പ്രദായം വന്നപ്പോഴും നിങ്ങൾ ഇതേ നിലപാടാണ് സ്വീകരിച്ചത്. മാറ്റത്തിനെതിരെ തിരിഞ്ഞുനിൽക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ: അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇത് അങ്ങയുടെ സിദ്ധാന്തമല്ല. അങ്ങ് ഇത് പറഞ്ഞിട്ട് വേറെ ബിസിനസ്സ് നടത്തിയാൽ പിന്നെ ഞാൻ എന്തിനാണ് ഇവിടെ നിൽക്കുന്നത്. ഞങ്ങൾ പറയുന്നതുകൂടി കേൾക്കണ്ടേ; അങ്ങ് മുഖ്യമന്ത്രിയല്ലേ. കേന്ദ്ര ഗവൺമെന്റ് ഓൺലൈൻ പേമെന്റിനെക്കുറിച്ച് അരുണാറോയിയുടെ പഠനമനുസരിച്ചുള്ള റിപ്പോർട്ട് കഴിഞ്ഞ ആഴ്ച പാർലമെന്റിൽ സമർപ്പിക്കുകണ്ടായി. ആ റിപ്പോർട്ട് പ്രകാരം ആകെ 11,00,000 കാർഡുടമകൾക്കാണ് ക്യാഷ് പേമെന്റ് നടത്തിയത്. അതിൽ മഹാഭൂരിപക്ഷം ആളുകൾക്കും ആനുകൂല്യം കിട്ടിയില്ല. കേന്ദ്ര ഗവൺമെന്റ് തന്നെ ഇക്കാര്യത്തിൽ ഒരു പുന:പരിശോധനയ്ക്ക് തയ്യാറാകുമ്പോൾ അങ്ങ് കേരളത്തിൽ ഇത് അടിച്ചേൽപ്പിക്കുന്നതെന്തിനാണ്? ഞങ്ങൾ മാറ്റങ്ങൾക്കെതിരല്ല, മാർക്സിസ്റ്റ് എന്നുപറയുന്നത് മാറ്റങ്ങൾ മാത്രമാണ്. നിങ്ങൾക്ക് അതറിയാം. ഗരീബി ഖട്ടാവോ ആണ് അങ്ങ് ഉയർത്തിയ മുദ്രാവാക്യം. റേഷൻകടക്കാർക്കുവേണ്ടിയല്ല, ഗരീബികൾക്കുവേണ്ടിയാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കമ്പോളത്തിൽ വില കൂടിയെന്ന കാര്യം ആർക്കാണ് അറിയാത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ ഇവിടെയിരി

ക്കുന്ന ചില മന്ത്രിമാർ എന്നോട് പറഞ്ഞത് ഭക്ഷ്യസാധനങ്ങളുടെ വില കൂടിയോ ഇല്ലയോയെന്ന് അങ്ങയുടെ ഭാര്യയോട് ചോദിച്ചാൽ അറിയാമെന്നാണ്. ഞാൻ ഇപ്പോൾ തിരിച്ച് ചോദിക്കുകയാണ്, നിങ്ങളുടെ ഭാര്യമാർ വില വർദ്ധനവിനെക്കുറിച്ച് ഇപ്പോൾ എന്താണ് പറയുന്നത്? ഭക്ഷ്യസാധനങ്ങളുടെ വില കുറഞ്ഞുവെന്നാണോ പറയുന്നത്? വിലവർദ്ധനവെന്നത് നഗ്നമായൊരു സത്യമല്ലേ? മുഖ്യമന്ത്രി കേൾക്കാൻ വേണ്ടി പറയുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങയുടെ വീട്ടിൽവന്ന് ഞാൻ സഹായം അഭ്യർത്ഥിച്ചിരുന്നു. ഈ വിലക്കയറ്റം ശാശ്വതമായി തടയാൻ ഒരു പുതിയ സ്കീമുണ്ടാക്കി അതിൽ 25 ശതമാനം കേന്ദ്ര ഗ്രാന്റ് വേണമെന്ന് പറയുകയും തീർച്ചയായും ഇത് നടപ്പിലാക്കാമെന്ന് അങ്ങ് എന്നോട് പറയുകയും ചെയ്തു. ആ പദ്ധതി ഇപ്പോഴും ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ഫയലിലുണ്ട്. അത് നടപ്പിലാക്കിയാൽ ഈ വിലക്കയറ്റം ശാശ്വതമായി തടയാൻ സാധിക്കും. രണ്ടാമതായി, പഞ്ചായത്തുതലം മുതൽ സംസ്ഥാന നിലവാരം വരെ രാഷ്ട്രീയപാർട്ടികാർ, പോലീസ് ഉദ്യോഗസ്ഥന്മാർ, സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർ..... ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വിജിലൻസ് കമ്മിറ്റിയുണ്ടായിരുന്നു. റേഷൻ കടകളും ഗോഡൗണുകളും പരിശോധിക്കുന്നതിനുവേണ്ടിയുള്ള സോഷ്യൽ ആഡിറ്റ് സമ്പ്രദായമുണ്ടായിരുന്നു. എല്ലാവർക്കും ഐഡന്റിറ്റി കാർഡുകൾ കൊടുത്തു. അങ്ങനെയൊരു കമ്മിറ്റി പിരിച്ചുവിടാനുള്ള കാരണമെന്താണ്? അപ്പോൾ നിങ്ങളുടെ ഉദ്ദേശ്യം ദുരുദ്ദേശമാണെന്ന് ഞങ്ങൾ പറഞ്ഞാൽ പ്രകോപിതരായിട്ട് കാര്യമില്ല. കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് ഭരണ പ്രതിപക്ഷാംഗങ്ങൾ പ്രവർത്തിക്കുന്നത്. ആ ജനങ്ങളുടെ പ്രശ്നം ഉന്നയിക്കു

മ്പോൾ ഞങ്ങളെ കളിയാക്കുകയാണ്. ഏതോ ഒരു പയനിയർ പത്രത്തിൽ............. എത്ര ദുർബ്ബലമാണിതൊക്കെ. നിങ്ങൾക്ക് പറയാനുള്ളതൊക്കെ ധൈര്യമായി പറയൂ. എല്ലാ ഫയലുകളും അവിടെ വച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത്. കേരളത്തിൽ കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടയിൽ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിൽ എന്തെങ്കിലും തിരിമറി നടന്നിട്ടുണ്ടെങ്കിൽ അതെല്ലാം പരിശോധിക്കാം. സിവിൽ സപ്ലൈസിൽ നടന്നിട്ടുള്ള ഞെട്ടിപ്പിക്കുന്ന അഴിമതിയിൽ ഉൾപ്പെട്ട ഉന്നതനായ പോലീസ് ഉദ്യോഗസ്ഥനെ സി. ബി.ഐ.യുടെ ഒന്നാം പ്രതിയാക്കിയത് ഞങ്ങളുടെ കാലത്താണ്. നിങ്ങൾ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ? ഇത് നിർഭാഗ്യകരമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ, ജനങ്ങൾക്കുവേണ്ടിയുള്ള ആവശ്യങ്ങൾ ക്ഷമയോടുകൂടി കേൾക്കാൻ തയ്യാറാക്കാത്ത ഭരണകക്ഷിയംഗങ്ങളുടെ നിലപാടിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിർപ്പെട്ടവരും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ബി.പി.എൽ. പട്ടികയിൽപ്പെട്ടിട്ടും ബി. പി.എൽ. റേഷൻ കാർഡ് ലഭിക്കാത്ത 12 ലക്ഷം കുടുംബങ്ങളാണ് ഇന്ന് കേരളത്തിലുള്ളത്. അവർക്ക് അത് ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കണ്ടേ? എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മതിയായ സൗജന്യങ്ങൾ നൽകി അരി കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ, മന്ത്രിമാരും എം.എൽ.എ. മാരും ഡൽഹിയിൽ പോയി സത്യാഗ്രഹം നടത്തിയതാ

ണ്. അങ്ങനെയാണ് 1,32,000 ടൺ അരിയും അൻപത്തിനാലായിരത്തിലധികം ടൺ ഗോതമ്പും അനുവദിച്ചത്. ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടിട്ടും ബി.പി.എൽ. റേഷൻ കാർഡ് കിട്ടാത്ത ആളുകൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യാനുള്ള അരിയും ഗോതമ്പുമാണ് ഇത്. അതാണ് ഇപ്പോൾ കരിഞ്ചന്തയിലേയ്ക്ക് പോയതായി തെളിഞ്ഞിരിക്കുന്നത്. സാധനങ്ങൾ കരിഞ്ചന്തയിലേയ്ക്ക് പോകുന്ന സംവിധാനത്തിന് തടയിടേണ്ടതിനുപകരം അതിനൊരു ബദൽ സംവിധാനം നിർദ്ദേശിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യുന്നത്. എ.പി.എൽ. കാർഡുള്ള ബി.പി.എൽ. പട്ടികയിൽപ്പെട്ടവർക്ക് റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള അരി അവർക്കുതന്നെ വിതരണം ചെയ്യുമെന്ന് തന്റേടത്തോടെ പറയേണ്ട മുഖ്യമന്ത്രി അത് വേണ്ട, ഞങ്ങൾ സബ്സിഡി പണമായി കൊടുത്തോളാമെന്നുള്ള ഒരു ബദൽ നിർദ്ദേശമാണ് വയ്ക്കുന്നത്. അത് ഞങ്ങൾക്ക് സ്വീകാര്യമല്ലെന്ന് ഞങ്ങൾ പറയുന്നു. കരിഞ്ചന്തയിലേയ്ക്ക് സാധനങ്ങൾ പോകുന്നതിന് പരോക്ഷമായ ഒരു ന്യായീകരണമാണ് ബഹുമാനപ്പെട്ട മന്ത്രിമാർ ഈ സഭയിൽ അവതരിപ്പിക്കുന്നത്. കരിഞ്ചന്തയിലേയ്ക്ക് പോകാനുള്ളതല്ല, അത് തടയിട്ട് എ.പി.എൽ. കാർഡുള്ള ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട ആളുകൾക്ക് കൊടുക്കാൻ നടപടിയെടുക്കുമെന്ന് പറയാൻ ഒരു മന്ത്രിയും ഇവിടെ തയ്യാറായില്ല. അതാണ് ഇവിടത്തെ പ്രശ്നം. ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട എ.പി.എൽ. കാർഡ് ഉടമകൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ ശക്തമായ നടപടി ഞങ്ങൾ സ്വീകരിക്കും, കരിഞ്ചന്തയിലേയ്ക്ക് പോകാൻ അനുവദിക്കില്ലെന്ന് ആർജ്ജവത്തോടെ പറയാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ സഭയിൽ തയ്യാറാകുന്നില്ല. ഇതാണ് വിലക്കയറ്റമുണ്ടാക്കുന്നത്. വിലക്കയറ്റം സ്വാഭാവികമായും ഉണ്ടാകുന്നതല്ല. കാർഷിക വിളവെടുപ്പിൽ റെക്കോർഡ്

പ്രൊഡക്ഷൻ നടന്നിരിക്കുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകളിലും വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലും റെക്കോർഡ് ധാന്യശേഖരമുണ്ടായിരിക്കുന്നു. ഇതൊക്കെയുണ്ടാകുമ്പോൾ വിലക്കയറ്റമുണ്ടാകുന്നത് കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും സഹായിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നതുകൊണ്ടാണ്. അത് തുറന്നുകാണിക്കാനല്ലേ അടിയന്തര പ്രമേയം ചർച്ച ചെയ്യണമെന്ന് പറഞ്ഞത്. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. എ.എ. അസീസ്</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ രൂക്ഷമായ വിലക്കയറ്റമുണ്ടായ സാഹചര്യത്തിൽ ഗ്രാമഗ്രാമാന്തരങ്ങളിൽ അരിക്കടകൾ പോലും തുറന്നിരുന്നു. നിയമസഭയിൽ അടിയന്തര പ്രമേയം ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രിക്കാൻവേണ്ടിയാണ് അരിക്കടകൾ തുടങ്ങിയത്. അരിയുടെ വില മാത്രമാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. കരിഞ്ചന്തയ്ക്ക് പകരം അതിന് പ്രതിവിധിയായി സബ്സിഡി പണമായി കൊടുക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞത്. ആ ബദൽ സംവിധാനം ഞങ്ങൾ അംഗീകരിച്ചിട്ടുള്ളതല്ല. ശ്രീ. വി.എസ്. സുനിൽ കുമാർ ഉന്നയിച്ച അടിയന്തര പ്രമേയം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തെയാണ് ചൂണ്ടിക്കാണിച്ചത്. അരിയുടെ വില മാത്രമല്ല, എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില ക്രമാതീതമായി ഉയർന്നിരിക്കുകയാണ്. പെട്രോളിന്റെയും

ഡീസലിന്റെയും വില വർദ്ധിച്ചു, മണ്ണെണ്ണയുടെ സബ്സിഡി ഇല്ലാതാക്കി. തുടങ്ങി നിരവധി കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നിരിക്കുന്നു, അത് നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടത്. അരിയുടെ കരിഞ്ചന്തയെ സംബന്ധിച്ച് മാത്രമാണ് മറുപടി പറഞ്ഞത്. അരിയുടെ കാര്യം മാത്രമല്ല, എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില ക്രമാതീതമായി ഉയർന്നിരിക്കുകയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനുമുമ്പ് ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കുമെന്ന് പറഞ്ഞതാണ്. പാർലമെന്റിൽ ഇതുവരെ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ കയ്യിൽ ഒരു ഭക്ഷ്യസുരക്ഷാ നിയമമുണ്ട്. ആ ഭക്ഷ്യസുരക്ഷാ നിയമത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സബ്സിഡിയെക്കുറിച്ച് പറയുന്നത്. ആ സബ്സിഡിയാണ് ഞങ്ങൾ അംഗീകരിക്കാത്തത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസം കൂടാതെ 35 കിലോഗ്രാം അരി രണ്ട് രൂപ ക്രമത്തിൽ എല്ലാ ഭവനങ്ങളിലും എത്തിക്കണമെന്നതാണ് ഞങ്ങളുടെ ഭക്ഷ്യസുരക്ഷ. കേന്ദ്ര നേതാക്കന്മാരും ഇടതുപക്ഷ സംഘടനകളും മറ്റ് നേതാക്കന്മാരും ചേർന്നാണ് അത് പ്രധാനമന്ത്രിക്ക് സമർപ്പിച്ചത്. ആ ബില്ല് പാസ്സാക്കാൻ തയ്യാറല്ല. കരിഞ്ചന്ത നിയന്ത്രിക്കാൻ പറയുമ്പോൾ മുട്ട് ഇടിക്കുന്നതെന്തുകൊണ്ടാണ്; കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കരിഞ്ചന്ത നിയന്ത്രിച്ചല്ലോ? കരിഞ്ചന്തക്കാരുടെ കാര്യം പറയുമ്പോൾ അതിന് ബദലാണോ സബ്സിഡി? കരിഞ്ചന്ത പ്രോത്സാഹിപ്പിച്ചാൽ മാത്രമേ നിങ്ങൾക്ക് അഴിമതി നടത്താൻ സാധിക്കുകയുള്ളൂ. ഇവിടെ ഇന്നലെ ചൂണ്ടിക്കാണിച്ചതുപോലെയുള്ള അഴിമതി നടത്തണമെന്നുണ്ടെങ്കിൽ കരിഞ്ചന്തയെ നിങ്ങൾ പ്രോത്സാഹിപ്പിക്കണം. കരിഞ്ചന്ത തടയാൻ നടപടി സ്വീകരിക്കാത്ത ഈ

ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നു. കുടുംബ ബഡ്ജറ്റുകൾ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ വീട്ടമ്മമാർ പാടുപെടുന്നു. ഇത് പ്രതിപക്ഷം പറയുന്നതുകൊണ്ട് തള്ളിക്കളയാൻ പാടില്ല. അതൊരു വലിയ സത്യമാണ്, ഈ ദേശത്തെ ഏറ്റവും വലിയ പ്രശ്നം ഇതാണ്. നിത്യോപയോഗ സാധനങ്ങളുടെ വില എന്നുപറഞ്ഞാൽ അരിയുടെ വില മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ മറുപടി പറഞ്ഞപ്പോൾ അരിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അരിയുടെ വില മാത്രമല്ല, മുഴുവൻ സാധനങ്ങളുടെയും വില വർദ്ധിക്കുന്നു. അതുകൊണ്ട് തീർച്ചയായും സിവിൽസപ്ലൈസിന്റെ ഔട്ട്ലെറ്റുകളിലൂടെ ന്യായവിലയ്ക്ക് സാധനങ്ങൾ കൊടുത്തുകൊണ്ട് ഒരു പരിധിവരെ വില പിടിച്ചു നിർത്താം. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാർ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കണം. 37 കൊല്ലമായി വിദേശ രാജ്യത്ത് ബിസിനസ്സ് ചെയ്യുന്ന ഒരാളാണ് ഞാൻ. എന്റെ കമ്പനി ഇപ്പോൾ ഓയിൽ വാങ്ങാനും പണം കൊടുത്തു തുടങ്ങിയിട്ടുണ്ട്. ഓയിലിന്റെ ഒരു വർഷത്തെ റിക്കോർഡ് എടുത്ത് പരിശോധിച്ചുനോക്കുക. ഇന്റർനാഷണൽ മാർക്കറ്റിൽ ഓയിൽ വില കൂടിയത് എന്തുകൊണ്ടാണ്; എന്തിനാണ് ഇൻഡ്യയിൽ ഓയിലിന് മിനിറ്റിന് മിനിറ്റിന് വില കൂട്ടിക്കൊണ്ടിരിക്കുന്നത്? ഇന്ദിരാഗാന്ധിയുടെ കാലം മുതൽ ഇവിടെയുണ്ടായിരുന്ന റെഗുലേറ്ററി സിസ്റ്റത്തെ എടുത്തുകളഞ്ഞിട്ട്

ഈ കുത്തകകളെ കയറൂരി വിട്ടതിന്റെ ഉത്തരവാദിത്വം കേന്ദ്ര ഗവണമെന്റിനു ണ്ട്. ഇലക്ഷൻ വരുമ്പോൾ അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ അതിന് നിങ്ങൾ മറുപടി പറയേണ്ടിവരും. ഞാൻ എൻ.സി.പി. വർക്കിംഗ് കമ്മിറ്റി യിൽ വളരെ ശക്തമായ ഭാഷയിൽ ഇക്കാര്യം പറഞ്ഞപ്പോൾ ബഹുമാന്യനായ മന്ത്രി ശരത്പവാർ വരെ അതിനെ അനുകൂലിച്ചു. ശരിയാണ്. തോമസ് ചാണ്ടിയും നമ്മളും വിചാരിച്ചാൽ ഇത് നിയന്ത്രിക്കാൻ സാധിക്കില്ല, അല്ലെ ങ്കിൽ ഈ മന്ത്രിസഭയിൽ നിന്ന് ഇറങ്ങിപ്പോകേണ്ടിവരും. ഇവിടത്തെ വിലക്ക യറ്റം കോർപ്പറേറ്റ് കുത്തകകളെ, എണ്ണക്കമ്പനികളെ കയറൂരി വിട്ട് കൃത്രിമ മായി സൃഷ്ടിച്ചിരിക്കുന്നതാണ്. ഒരു വർഷത്തെ കണക്കെടുത്ത് പരിശോധിച്ച് നോക്കുക. ഇന്റർ നാഷണൽ മാർക്കറ്റിൽ എവിടെയാണ് വില കൂടിയത്? ലോക മാർക്കറ്റിൽ ഓയിലിനൊന്നും വില കൂടിയിട്ടില്ല. ഇവിടെ എപ്പോഴും വില കൂടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു റിയാക്ഷനാണ് സാധനങ്ങ ളുടെ വിലക്കയറ്റം എന്ന് മനസ്സിലാക്കണം. വളരെ ഗൗരവമായ ഈ പ്രശ്നം ചർച്ച ചെയ്യുന്നതിന് അവസരം നൽകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടി സഭ വിട്ട് പുറ ത്തുപോയി)

(സഭ വിട്ട് പുറത്തുപോയവർ അല്പസമയത്തിനുള്ളിൽ തിരികെ സഭയി ലേയ്ക്ക് പ്രവേശിച്ചു.)

(ശ്രദ്ധ ക്ഷണിക്കൽ)